**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ – 'കൊച്ചിൻ കാർണിവൽ 2018'ന്റെ സംഘാടനവുമായി ബന്ധപ്പെട്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.41/2019/തസ്വഭവ          തിരുവനന്തപുരം, തീയതി: 07/01/2019

പരാമർശം:-
1. കൊച്ചി നഗരസഭാ കൗൺസിലിന്റെ 23/01/2018 തീയതിയിലെ 46-ാം നമ്പർ തീരുമാനം.
2. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 05/02/2018 ലെ MOR5/35335/2013 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 27.07.2018 തീയതിയിലെ G2- 5089/18 നമ്പർ കത്ത്.

**ഉത്തരവ്**

'കൊച്ചിൻ കാർണിവൽ 2018' നുള്ള മേയേഴ്സ് ട്രോഫി, പ്രൈസ് മണി, റാലി എന്നീ ആവശ്യങ്ങളുടെ ചെലവുകൾക്കായി 4,00,000/- (നാല് ലക്ഷം രൂപ) കൊച്ചി കോർപ്പറേഷനിൽ നിന്നും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പരാമർശം (2) ലെ കത്ത് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തയച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 'കൊച്ചിൻ കാർണിവൽ 2018' നുള്ള മേയേഴ്സ് ട്രോഫി, പ്രൈസ് മണി, റാലി എന്നീ ആവശ്യങ്ങളുടെ ചെലവുകൾക്കായി 4,00,000/- (നാല് ലക്ഷം രൂപ) കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനത്തിന് വിധേയമായി അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ സെക്രട്ടറി, കൊച്ചി നഗരസഭ
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ